**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **13-09-2023 - ൽ മറുപടിയ്ക്ക്**

**മൈക്ക് സെറ്റ് തകരാറിന് കേസ് എടുത്ത നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി സംസാരിക്കുന്നതിനിടയിൽ മൈക്കിൽ നിന്നും ഹൗളിങ് വന്നതിനെ തുടർന്ന് തിരുവനന്തപുരത്ത് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ആരുടെ പരാതി/ നിർദ്ദേശ പ്രകാരമാണ് എന്ന് വ്യക്തമാക്കാമോ; | (എ) | സംരക്ഷിത വ്യക്തികൾ പങ്കെടുക്കുന്ന പൊതുചടങ്ങുകളിൽ ഉപയോഗിക്കുന്ന മൈക്ക്, ചടങ്ങിന് മുമ്പ് മതിയായ സുരക്ഷാ പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഉദ്യോഗസ്ഥർ, പോലീസിലെ ബി.ഡി.ഡി.എസ് യൂണിറ്റിലെ ഉദ്യോഗസ്ഥർ എന്നീ വിഭാഗങ്ങളാണ് ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തുന്നത്. അത്തരം പരിശോധനകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. 24.07.2023-ന് നടന്ന ഉമ്മൻചാണ്ടി അനുസ്മരണ യോഗത്തിലും ഇത്തരം പരിശോധനകൾ നടത്തിയിട്ടുള്ളതാണ്.<br><br>കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.762/2023 പ്രകാരം പോലീസ് സ്വമേധയാ ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിൽ ആരെയും പ്രതി ചേർത്തിരുന്നില്ല. സംഭവത്തിൽ പരിശോധന നടത്തി പ്രസ്തുത കേസ് Further Action Dropped ആയി അന്തിമ റിപ്പോർട്ട് ബഹു.കോടതിയിൽ പോലീസ് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തെ തുടർന്ന് മൈക്ക് ഉടമയോട് മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും പോലീസ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| (സി) | മൈക്ക് ഉടമ ഹാജരാക്കിയ മൈക്ക് സെറ്റും അനുബന്ധ ഉപകരണങ്ങളും പോലീസ് പരിശോധിച്ചിരുന്നോ; പരിശോധനയിൽ | (സി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ; | | |
| (ഡി) | കേസ് വിവാദമായതിനെ തുടർന്ന് എഫ്.ഐ.ആർ. റദ്ദാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ? | (ഡി) | (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ